ശ്രീ. സി. കേശവൻ: ഇവിടെ ഒരു എൻജിനീയറിംഗ് ഡിവിഷൻ തന്നെ വച്ചിട്ടുണ്ട്. വളരെ തഴക്കവും പഴക്കവും ഉള്ള ഒരു എക്സിക്യൂട്ടീവ് എൻജിനീയറേയും നിയമിച്ചിട്ടുണ്ട്. അതിന്റെ ഡീറ്റയിൽ സർവ്വേ നടന്നുകൊണ്ടിരിക്കുകയാണു്.

Sri. A. Thanu Pillai: May I know what is the kind of dam contemplated?

ശ്രീ. സി. കേശവൻ: വെള്ളം തടഞ്ഞു നിറുത്തി ഇറിഗേറ്റ് ചെയ്യാനുള്ള ഡാമാണു്. കല്ലുകൊണ്ടു കെട്ടണമെന്നാണു് ഇപ്പോൾ തീരുമാനിച്ചതു്.

ശ്രീ. എ. താണുപിള്ള: ഇതിനുമുമ്പു് അതു് മണ്ണുകൊണ്ടു് കെട്ടണമെന്നല്ലേ തീരുമാനിച്ചിരുന്നതു്?

ശ്രീ. സി. കേശവൻ: ആദ്യം അങ്ങനെയാണു തീരുമാനിച്ചതു്.

അരിവില്പന

*൩൧. †(൯) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ.—

(എ) ൧൯൫൧ ജൂലായ്വരെ അരിവില്പനയിൽ തിരുവിതാംകൂർ—കൊച്ചി ഗവൺമെന്റിനുണ്ടായിട്ടുള്ള നഷ്ടം എത്ര ലക്ഷം രൂപാ ആണു്;

(ബി) ഈ നഷ്ടപരിഹാരാർത്ഥം ഗവൺമെന്റു് സ്വീകരിച്ച നടപടി എന്തെല്ലാം?

ധനകാര്യവും, ഭക്ഷ്യവും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): (എ) ൧൯൫൧ ജൂലൈ അവസാനംവരെ ഉദ്ദേശം മൂന്നുകോടി മുപ്പതുലക്ഷം രൂപാ നഷ്ടമുണ്ടായിരിക്കണം.

(ബി) നഷ്ടത്തിന്റെ ഒരു ഭാഗം കേന്ദ്രഗവൺമെന്റു് സബ്സിഡികൊണ്ടു് പരിഹരിക്കപ്പെടുന്നു. കേന്ദ്ര സബ്സിഡി കൂടിക്കിട്ടേണ്ട കാര്യത്തിൽ ഗവർമ്മെന്റു് വളരെ പരിശ്രമിച്ചിട്ടുണ്ടു്. അതിന്റെ ഫലമായി കേന്ദ്രഗവർമ്മെന്റു് ആദ്യം അനുവദിച്ചിരുന്ന തുകയിൽ ഗണ്യമായ ഒരു വർദ്ധനവു വരുത്തിയിട്ടുണ്ടു്. അരിവിതരണത്തിലുള്ള നഷ്ടം മുഴുവനും പൊതുജനങ്ങൾക്കു് വിഷമം നേരിടാതെ പരിഹരിക്കത്തക്കതല്ലാത്തതുകൊണ്ടു് ഇതിലേക്കു് പ്രത്യേക നടപടികളൊന്നും ഇതുവരെ ഗവൺമെന്റു് എടുത്തിട്ടില്ല.

ശ്രീ. കെ. രാമചന്ദ്രൻ: ഇവിടെ മരച്ചീനി ധാരാളമായി ഉല്പാദിപ്പിക്കപ്പെടുന്നതുകൊണ്ടു് കൂടുതൽ സബ്സിഡി ചോദിക്കാൻ അവകാശമില്ലെന്നു് ഇൻഡ്യാഗവർമ്മെന്റു് ഈ ഗവർമ്മെന്റിനെ അറിയിച്ചതായി പേപ്പറിൽ കണ്ടതു ശരിയാണോ?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. എ. കെ. പാച്ചുപിള്ള: ഇപ്പോൾ തന്നുകൊണ്ടിരിക്കുന്ന സബ്സിഡി തീരെ അപര്യാപ്തമായതുകൊണ്ടു് സബ്സിഡി വർദ്ധിപ്പിക്കണമെന്നു വീണ്ടും ഇൻഡ്യാഗവൺമെന്റിന്റെ അടുക്കൽ നിവേദനം നടത്തണമെന്നു ഗവൺമെന്റു് വിചാരിക്കുന്നുണ്ടോ?

---

†As the Member was absent, this question was put by Sri. K. Ramachandran with the permission of the Chair.

LIBRARY ARCHIVES Kerala Legislative Assembly

ശ്രീ. കെ. എം. കോര : ഗവർമ്മെൻറ സഹായമുപയോഗിച്ച് കൂടുതൽ സബ്സിഡി ലഭിക്കുവാൻ ഇൻഡ്യാഗവർമ്മെൻറിനെ പ്രേരിപ്പിച്ചുകൊണ്ടിരിക്കുകയാണ്.

Sri. P. S. Nataraja Pillai: May I know the actual amount promised as subsidy by the Government of India?

Sri. K. M. Korah: 288 and odd lakhs of rupees.

Sri. Eapen Arakkal: May I know the amount available from the Government of India?

Sri. K. M. Korah: That is what I said just now.

Sri. P. S. Nataraja Pillai: Is it not the loss of this budget year?

Sri. K. M. Korah: It is from January up to the end of July.

ശ്രീ. ഈപ്പൻ അറക്കൽ: ഈ നഷ്ടം ഫൻ ൫ ൦-ൽ ഉണ്ടായ നഷ്ടമാണോ?

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: ഈ നഷ്ടം പരിഹരിക്കുവാൻ വേണ്ടി അരിയുടെ വില കൂട്ടണമെന്ന ഇൻഡ്യാഗവർമ്മെൻറിൽ നിന്നും വല്ല നിർദ്ദേശവും ലഭിച്ചിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: അതുസംബന്ധിച്ചും ചില ഡയറക്ഷൻസ് കിട്ടിയിട്ടുണ്ട്.

ശ്രീ. ഇ. ഗോപാലകൃഷ്ണമേനോൻ: അതിനെപ്പറ്റി ഗവർമ്മെൻറ് എന്തു ചെയ്യുവാനാണ് തീരുമാനിച്ചിരിക്കുന്നത്?

ശ്രീ. കെ. എം. കോര: ആലോചിച്ചുകൊണ്ടിരിക്കുന്നു.

Sri. N. D. Jose: What is the nature of the directions that have been received from the Government of India?

Sri. K. M. Korah: As in other States and Provinces the price of rice should be raised.

മെഡിക്കൽ കോളേജിലെ തെരഞ്ഞെടുപ്പ്

*൩൮. (൯൦) ശ്രീ. പി. കെ. കൃഷ്ണൻശാസ്ത്രി: താഴെ പറയുന്ന ചോദ്യങ്ങൾക്ക് ബഹുമാനപ്പെട്ട മുഖ്യമന്ത്രി സദയം മറുപടി പറയുമോ.—

(എ) തിരുവിതാംകൂർ-കൊച്ചിക്ക് വെളിയിലുള്ള മെഡിക്കൽ കോളേജുകളിലേക്ക് തിരഞ്ഞെടുത്തയക്കപ്പെട്ടിട്ടുള്ളവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെ എന്ന് പറയുവാൻ ദയവുണ്ടാകുമോ;

(ബി) തിരുവിതാംകൂർ-കൊച്ചിൻ മെഡിക്കൽ കോളേജിൽ പട്ടികജാതിക്കാർക്ക് എത്ര സീറ്റ റിസർവ്വ് ചെയ്തു എന്നും, അവരിൽ എത്ര അപേക്ഷകർ ഉണ്ടായിരുന്നു എന്നും, പ്രവേശനം എത്രപേർക്ക് നൽകി എന്നും പറയുവാൻ ദയവുണ്ടാകുമോ;

(സി) മെഡിക്കൽ കോളേജിൽ ഈ വർഷം എത്രപേർക്ക് പ്രവേശനം നൽകി എന്നും അവരുടെ ജാതി തിരിച്ചുള്ള ലിസ്റ്റ് എങ്ങിനെയെന്നും പറയുമോ?

മുഖ്യമന്ത്രി (ശ്രീ. സി. കേശവൻ):

(എ) കാൽഡിയൻ സിറിയൻ ക്രിസ്ത്യൻ ൧
ഈഴവൻ ൧
നായർ ൧

LIBRARY ARCHIVES Kerala Legislative Assembly